## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1651 — 21.01.2014 ൽ മറുപടിയ്ക്ക്

## കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.ഉമ്മർ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയുടെ പ്രയോജനം യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) കാലാവസ്ഥാ ഘടകങ്ങളുടെ ഏറ്റക്കുറച്ചിലുകൾ ഓരോ മേഖലയും നിശ്ചയിച്ചിട്ടുള്ള കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. കാലാവസ്ഥാ വ്യതിയാനം വിളവിനെ എത്രമാത്രം ബാധിച്ചു എന്ന് കൂടി കണക്കാക്കിയാണ് ഇൻഷ്വറൻസ് സഹായ തുക നിശ്ചയിക്കുന്നത്. അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനിയാണ് തുക അനുവദിക്കുന്നത്. കാലതാമസം നേരിയ തോതിൽ അനുഭവപ്പെട്ടിട്ടുള്ളത് കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇൻഷ്വറൻസ് സംരക്ഷണം കൂടുതൽ വ്യാപകമാക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) കാർഷിക വിളകൾക്കുള്ള ഇൻഷ്വറൻസ് സംരക്ഷണം ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ വിളകൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (സി) 2008-2009 ൽ സംസ്ഥാനത്ത് കാലാവസ്ഥയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകുകയുണ്ടായി. നെല്ല്, കശുമാവ് എന്നീ വിളകൾക്കാണ് ആദ്യം പദ്ധതി ഏർപ്പെടുത്തിയത്. 2012-13 ഖാരിഫ് സീസണിൽ പാലക്കാട് ജില്ലയിലെ നെൽകൃഷിക്കും, ഇടുക്കി, വയനാട് ജില്ലകളിലെ കുരുമുളകിനുമാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നത്. 2013-14 ഖാരിഫ് സീസണിൽ നെല്ല്, വാഴ, കുരുമുളക്, കരിമ്പ്, മഞ്ഞൾ, ഏലം, തെങ്ങ്, പൈനാപ്പിൾ, കമുക്, ഇഞ്ചി എന്നീ പത്ത് വിളകൾക്കു കൂടി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയുണ്ടായി. 2013-14 റാബി സീസണിൽ നെല്ല്, വാഴ, കരിമ്പ്, കശുമാവ്, മാവ് എന്നീ വിളകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ